JAGRATHA 118

Vol-3 No: 43
21 -12-2009

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

(For Private Circulation Only )

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത



**കെസിബിസി സോഷ്യൽ ഹാർമണി ആൻഡ് വിജിലൻസ് കമ്മീഷൻ ഏവർക്കും ക്രിസ്തുമസ് പുതുവത്സരാശംസകൾ സ്നേഹപൂർവ്വം നേരുന്നു**

**ബിഷപ് സ്റ്റാൻലി റോമൻ, കമ്മീഷൻ ചെയർമാൻ**

## പ്രധാന വാർത്തകൾ

01. എല്ലാ ദളിതർക്കും തുല്യ സാമൂഹ്യനീതി ലഭ്യമാക്കുവാൻ രംഗനാഥ് മിശ്ര റിപ്പോർട്ട് ഉടൻ നടപ്പിലാക്കണം: ബിഷപ് സ്റ്റാൻലി റോമൻ

02. രംഗനാഥ് മിശ്ര കമ്മീഷൻ റിപ്പോർട്ട് ഉടൻ നടപ്പിലാക്കണം: കെസിബിസി

03. മദ്യപാനം അരാജകത്വത്തിലേക്കു നയിക്കുന്നു: ഡോ.ജോഷ്വാ മാർ ഇഗ്നാത്തിയോസ്

04. ജീവിതത്തിന്റെ ശ്രേഷ്ഠത കുടികൊള്ളുന്നത് സമർപ്പണത്തിൽ: ക്ലീമിസ് കാതോലിക്കാ ബാവ

05. സഭയിൽനിന്നു പുറത്തു പോയവർ തിരിച്ചു വരണം: മാർ തോമസ് ചക്യത്ത്

06. ചരിത്രം മറന്നുള്ള ഭരണമാണ് കേരളത്തിന്റെ ശാപം: മാർ ആൻഡ്രൂസ് താഴത്ത്

07. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം മൂല്യബോധമുള്ള സമൂഹം: മാർ ജോസഫ് പവ്വത്തിൽ

## 01. എല്ലാ ദളിതർക്കും തുല്യ സാമൂഹ്യനീതി ലഭ്യമാക്കുവാൻ രംഗനാഥ് മിശ്ര റിപ്പോർട്ട് ഉടൻ നടപ്പിലാക്കണം: ബിഷപ് സ്റ്റാൻലി റോമൻ

ദളിത് ക്രൈസ്തവർ ഉൾപ്പെടെ എല്ലാ ജാതിയിലുംപ്പെട്ട ദളിതർക്ക് പട്ടികജാതി പദവി നൽകണമെന്നുള്ള ജസ്റ്റിസ് രംഗനാഥ് മിശ്ര റിപ്പോർട്ട് ഉടൻ നടപ്പാക്കിക്കൊണ്ട് എല്ലാ ദളിതർക്കും തുല്യസാമൂഹ്യനീതി ലഭിക്കുവാൻ കേന്ദ്രസർക്കാർ തയ്യാറാകണമെന്ന് കെസിബിസി ജാഗ്രതാ കമ്മീഷൻ ചെയർമാൻ ബിഷപ് സ്റ്റാൻലി റോമൻ ആവശ്യപ്പെട്ടു. 2007 മെയ് മാസത്തിൽ ജസ്റ്റിസ് രംഗനാഥ് മിശ്ര സമർപ്പിച്ച റിപ്പോർട്ട് കേന്ദ്ര സർക്കാർ രണ്ടു വർഷത്തിനു ശേഷമാണ് പാർലമെന്റിൽ റിപ്പോർട്ട് വയ്ക്കുന്നത്. ഇനിയും കാലതാമസം വയ്ക്കാതെ റിപ്പോർട്ടിലെ ശുപാർശകൾ ഉടൻ നടപ്പിലാക്കണം. ഭരണഘടന അനുവദിച്ചുനൽകുന്ന സംവരണാനുകൂല്യങ്ങൾ ചില വിഭാഗം ദളിതർക്കുമാത്രം നിഷേധിക്കുന്നത് സാമൂഹ്യനീതിയുടെ ലംഘനമാണ്. സമൂഹത്തിന്റെ സമഗ്രവികസനത്തിന് ദളിതരുടെ അവകാശങ്ങൾ സംരക്ഷിക്കേണ്ടതും അനിവാര്യമാണ്. വിദ്യാഭ്യാസപരമായും സാമ്പത്തികപരമായും വളരെയധികം പിന്നോക്കം നിൽക്കുന്ന ദളിതസമൂഹത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാൻ ജസ്റ്റിസ് രംഗനാഥ് മിശ്ര റിപ്പോർട്ട് നടപ്പിലാക്കിയാൽ മാത്രമേ സാധിക്കുകയുള്ളൂ. ഇതിനായി കേന്ദ്രസർക്കാരും ലോക്സഭയിലേയും രാജ്യസഭയിലേയും എല്ലാ എം.പി മാരും പ്രത്യേക താത്പര്യം കാണിക്കണം. പാർശ്വവത്കരിക്കപ്പെട്ട ദളിത് സമൂഹത്തിന്റെ സമഗ്ര വികസനത്തിന് എല്ലാ ദളിതർക്കും സംവരണാനുകൂല്യം നൽകണമെന്നുള്ള ജസ്റ്റിസ് രംഗനാഥ് മിശ്ര റിപ്പോർട്ട് ഉടൻ നടപ്പിലാക്കണം - ബിഷപ് സ്റ്റാൻലി റോമൻ പറഞ്ഞു.

## 02. രംഗനാഥ് മിശ്ര കമ്മീഷൻ റിപ്പോർട്ട് ഉടൻ നടപ്പിലാക്കണം: കെസിബിസി

ദളിത് ക്രൈസ്തവർ ക്കും മുസ്‌ലിം വിഭാഗത്തിനും പട്ടികജാതി പദവി നല്കണമെന്നും ജസ്റ്റീസ് രംഗനാഥ് മിശ്ര കമ്മീഷൻ റിപ്പോർട്ട് ഉടനടി പ്രാബല്യത്തിൽ വരുത്തണമെന്നും കെസിബിസി ആവശ്യപ്പെട്ടു. ഹിന്ദു സമൂഹത്തിന് മാത്രമായി നിജപ്പെടുത്തിയ പട്ടികജാതി ആനുകൂല്യങ്ങൾ പിന്നീട് സിക്ക്, ബുദ്ധവിഭാഗങ്ങൾക്ക് അനുവദിച്ചെങ്കിലും മുസ്‌ലിം, ക്രിസ്ത്യൻ, ജൈന, പാർസി വിഭാഗങ്ങളെ മാറ്റി നിറുത്തിയിരിക്കുന്നത് അനീതിയാണെന്നും കമ്മീഷൻ ചൂണ്ടിക്കാട്ടി. 1950 ഓഗസ്റ്റ് 10 മുതൽ ദളിത് ക്രൈസ്തവരെ പട്ടികജാതി വിഭാഗത്തിൽപ്പെടുത്തണമെന്നാവശ്യപ്പെട്ട് കെസിബിസിയുടെ ദളിത് കമ്മീഷൻ നിരവധി നിവേദനങ്ങൾ കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് നല്കുകയും സത്യഗ്രഹങ്ങൾ ഉൾപ്പെടെ പല തര ത്തിലുള്ള സമരങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഇതേ ആവശ്യം ഉന്നയിച്ച് 2004-ൽ കെസിബിസിയുടെ ആഭിമുഖ്യത്തിൽ സുപ്രീം കോടതിയിൽ കേസ് നൽകിയിട്ടുണ്ട്. രംഗനാഥ് കമ്മീഷൻ നിർദേശങ്ങൾ ഉടനടി നടപ്പിലാക്കാനുള്ള പദ്ധതികൾ കേന്ദ്രസർക്കാർ ആവിഷ്കരിക്കണമെന്ന് കെസിബിസി പ്രസിഡന്റ് ബിഷപ് ഡോ.ജോഷ്വാ മാർ ഇഗ്നാത്തിയോസ്, സെക്രട്ടറി ജനറൽ ആർച്ച് ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് എന്നിവർ സംയുക്തമായി അഭിപ്രായപ്പെട്ടു.

## 03. മദ്യപാനം അരാജകത്വത്തിലേക്കു നയിക്കുന്നു: ഡോ.ജോഷ്വാ മാർ ഇഗ്നാത്തിയോസ്

മദ്യപാനം സമൂഹത്തെ അരാജകത്വത്തിലേക്കു നയിക്കുകയാണെന്നും ഇതിനെതിരേ സമൂഹം ശക്തമായി രംഗത്തു വരണമെന്നും കെസിബിസി പ്രസിഡന്റ് ബിഷപ് ഡോ.ജോഷ്വാ മാർ ഇഗ്നാത്തിയോസ് അഭിപ്രായപ്പെട്ടു. എറണാകുളം കലൂർ റിന്യൂവൽ സെന്ററിൽ നടന്ന കെസിബിസി മദ്യവിരുദ്ധ സമിതി വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേരളത്തിലെ റോഡ് അപകടങ്ങളിൽ അറുപത് ശതമാനവും മദ്യവിപത്ത് മൂലം സൃഷ്ടിക്കപ്പെടുന്നതാണെന്നും വ്യക്തമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ മദ്യനിരോധനത്തിന് സർക്കാർ പ്രാധാന്യം നൽകണമെന്നും ബിഷപ് പറഞ്ഞു. അധികാരവികേന്ദ്രീകരണം നടക്കുന്ന സാഹചര്യത്തിൽ പഞ്ചായത്ത് രാജ് സംവിധാനം പുനസ്ഥാപിക്കാൻ അദ്ദേഹം ആഹ്വാനം നൽകി. സംസ്ഥാന മദ്യവിരുദ്ധ സമിതി സംസ്ഥാന ചെയർമാൻ ബിഷപ് ഡോ.സെബാസ്റ്റ്യൻ തെക്കെത്തെച്ചേരിൽ അധ്യക്ഷത വഹിച്ചു. മദ്യവിരുദ്ധ

പ്രവർത്തനം ശക്തമായി സംഘടിപ്പിച്ച എറണാകുളം- അങ്കമാലി അതിരൂപത, കൊല്ലം രൂപത, ആലപ്പുഴ രൂപത അവാർഡുകൾ ഏറ്റുവാങ്ങി. ചടങ്ങിൽ മദ്യവിരുദ്ധ പ്രവർത്തകനുള്ള വ്യക്തിഗത അവാർഡ് ജോൺസൺ തൊഴുത്തുങ്കലിനും മികച്ച വിദ്യാർഥിക്കുള്ള പുരസ്കാരം സ്റ്റെഫി തങ്കച്ചനും ഏറ്റുവാങ്ങി. എറണാകുളം- അങ്കമാലി അതിരൂപത സഹായ മെത്രാൻ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് അനുഗ്രഹ പ്രഭാഷണം നടത്തി. മദ്യ വിരുദ്ധ സമിതി സംസ്ഥാന ജനറൽ സെക്രട്ടറി ഫാ.പോൾ കാരാച്ചിറ, മദ്യനിരോധന സമിതി പ്രസിഡന്റ് ഫാ.തോമസ് തൈത്തോട്ടം, അതിരൂപത പ്രസിഡന്റ് അഡ്വ.ചാർലി പോൾ, അതിരൂപത ഡയറക്ടർ ഫാ.ജോർജ് നേരേവീട്ടിൽ, റീജിയണൽ ഡയറക്ടർമാരായ ഫ.അലക്സാണ്ടർ കുരീക്കാട്ടിൽ, ഫാ. സെബാസ്റ്റ്യൻ വട്ടപ്പറമ്പിൽ, ഫാ.ജോജു പനയ്ക്കൽ, സംസ്ഥാന സെക്രട്ടറി യോഹ ന്നാൻ ആന്റണി എന്നിവർ പങ്കെടുത്തു. സംസ്ഥാന സെക്രട്ടറി പ്രസാദ് കുരുവിള ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

## 04. ജീവിതത്തിന്റെ ശ്രേഷ്ഠത കുടികൊള്ളുന്നത് സമർപ്പണത്തിൽ: ക്ലീമിസ് കാതോലിക്കാ ബാവ

ജീവിതത്തിന്റെ ശ്രേഷ്ഠത അതിന്റെ സമർപ്പണത്തിലാണ് കുടികൊള്ളുന്നതെന്നു മേജർ ആർച്ച് ബിഷപ് മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ. തിരുവല്ല മാക്ഫാസ്റ്റ് കോളജ് ഓഡിറ്റോറിയത്തിൽ ആർച്ച് ബിഷപ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് പുരസ്കാരം പോബ്സൺ പി.എ ജേക്കബിനു നൽകി പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ബനഡിക്ട് തിരുമേനിയുടെ ജീവിതത്തിന്റെ പ്രത്യേകമായ മാനം വിസ്മരിക്കപ്പെടുകയില്ലയെന്നതാണ് അവാർഡു ദാനത്തിലൂടെ അനുസ്മരിക്കപ്പെടുന്നത്. ശ്രേഷ്ഠനായ ഒരു പുരോഹിതന്റെ സ്ഥാനത്തു മഹാപുരോഹിതനായി അവരോധിക്കപ്പെട്ട തിരുമേനി വ്യത്യസ്തമായ സമീപനങ്ങളെക്കുറിച്ചു കാഴ്ചപ്പാടുള്ള വ്യക്തിയായിരുന്നു. അതുപോലെതന്നെ കാലഘട്ടത്തിന്റെ വികസനത്തിനു വ്യത്യസ്തമായ കാഴ്ചപ്പാടുള്ള പി. എ ജേക്കബ് തിരുമേനിയുടെ പേരിൽ ഏർപ്പെടുത്തിയിട്ടുള്ള അവാർഡു നൽകുന്നതിനു ഏറ്റവും അർഹനാണെന്നും കാതോലിക്കാ ബാവ കൂട്ടിച്ചേർത്തു. തിരുവല്ല അതിരൂപതാ ആർച്ച് ബിഷപ് ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത അധ്യക്ഷത വഹിച്ച സമ്മേളനം പ്രഫ. പി.ജെ കുര്യൻ എംപി ഉദ്ഘാടനം ചെയ്തു. ക്നാനായ അതിഭദ്രാസനാധിപൻ ആർച്ച് ബിഷപ് കുര്യാക്കോസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത, ആന്റോ ആന്റണി എംപി, ജോസഫ് എം. പുതുശേരി എംഎൽഎ, വികാരി ജനറാൾ മോൺ. ചെറിയാൻ രാമനാലിൽ കോർ എപ്പിസ്കോപ്പ, റവ. ഡോ. ഇഗ്നേഷ്യസ് തങ്ങളത്തിൽ ഒഐസി, റവ. ഡോ. സ്റ്റീഫൻ തോട്ടത്തിൽ, മദർ ഫിലോമിന എസ്ഐസി, ഫാ. ഡോ. ഏബ്രഹാം മുളമൂട്ടിൽ തുടങ്ങിയവർ പ്രസംഗിച്ചു.

## 05.സഭയിൽനിന്നു പുറത്തു പോയവർ തിരിച്ചു വരണം: മാർ തോമസ് ചക്യത്ത്

തെറ്റായ വിശ്വാസത്തിന്റെ പേരിൽ സഭയിൽനിന്നും വിട്ടുപോയവർ തിരിച്ചുവരുന്ന കൃപയ്ക്കായി പ്രാർഥിക്കണമെന്നു കെസിബിസി കരിസ്മാറ്റിക് കമ്മീഷൻ ചെയർമാനും, എറണാകുളം അങ്കമാലി അതിരൂപത സഹായമെത്രാനുമായ മാർ തോമസ് ചക്യത്ത് ആഹ്വാനം ചെയ്തു. കേരള കത്തോലിക്ക കരിസ്മാറ്റിക് കൺവൻഷനിൽ ദിവ്യബലി അർപ്പിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. ധൂർത്തു പുത്രൻ തിരിച്ചുവന്നതുപോലെ സഭയിൽ നിന്നും വിട്ടുപോയവർ മാനസാന്തരപ്പെട്ടു തിരികെ വരണം. ഒരാട്ടിൻകൂട്ടവും, ഒരിടയനുമാകണം. എന്നാലെ സഭക്ക് ശക്തിയുണ്ടാകു. ഭിന്നിച്ചു നിൽക്കുമ്പോഴാണ് സഭക്ക് നേരെ ചിലർ പീഡനങ്ങൾ അഴിച്ചു വിടുന്നതെന്നോർക്കണം. അദ്ദേഹം പറഞ്ഞു. ഫാ. അലക്സ് താരമംഗലവും, സിസ്റ്റർ എൽസിസ് മാത്യുവും ക്ലാസുകൾ നയിച്ചു. ആരാധനക്ക് ഐഎംഎസ് ധ്യനഭവൻ ഡയറക്ടർ ഫാ. പ്രശാന്ത് നേതൃത്വം നൽകി.

## 06. ചരിത്രം മറന്നുള്ള ഭരണമാണ് കേരളത്തിന്റെ ശാപം: മാർ ആൻഡ്രൂസ് താഴത്ത്

ചരിത്രം മറന്നു കൊണ്ടുള്ള ഭരണമാണ് കേരളത്തിന്റെ ശാപമെന്ന് തൃശൂർ അതിരൂപതാ അധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് അഭിപ്രായപ്പെട്ടു. കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന സീറോമലബാർ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭ അല്മായ കമ്മീഷന്റെ അഭിമുഖ്യത്തിലുള്ള രണ്ടാമത് അല്മായ കൺസൾട്ടേഷൻ കൗൺസിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ആർച്ച്ബിഷപ്. എല്ലാം സ്വന്തം കഴിവു കൊണ്ടാണെന്ന് വരുത്തി തീർത്തു ചരിത്രത്തെ വളച്ചൊടിച്ചു കേരള സമൂഹത്തെ കബളിപ്പിക്കാനുള്ള ശ്രമമാണ് ഭരണകർത്താക്കളുടെ ഭാഗത്ത് നിന്നും ഉണ്ടാകുന്നത്. ഭരതമണ്ണിൽ പിറന്നതാണ് കത്തോലിക്കസഭ എന്ന ചരിത്രം ഭരണകർത്താക്കൾ വിസ്മരിക്കാൻ ശ്രമിക്കുന്നു. -ആർച്ച്ബിഷപ് പറഞ്ഞു. ക്രിസ്ത്യൻ സമൂഹത്തെ ആർജവത്തോടെ മുന്നോട്ടു കൊണ്ടുപോകാൻ അല്മായർക്ക് സാധിക്കണമെന്ന് അധ്യക്ഷപ്രസംഗ ത്തിൽ കമ്മീഷൻ ചെയർമാൻ മാർ മാത്യു അറയ്ക്കൽ വ്യക്തമാക്കി. നമ്മുടെ കുട്ടികളെ അവരുടെ കഴിവ് അനുസരിച്ച് വളർത്തുന്നതിൽ ശ്രദ്ധിക്കുന്നതോടൊപ്പം ക്രൈസ്തവ വിശ്വാസത്തിൽ വളർത്താനും പരിശ്രമിക്കണമെന്ന് അദ്ദേഹം ചൂണ്ടികാട്ടി.കമ്മീഷൻ അംഗം മാർ മാത്യു ആനിക്കുഴിക്കാട്ടിൽ, ടോംജോസ്, ഡോ.സിറിയക് ജോസഫ്, ഏബ്രാഹം കുര്യൻ, കെ.ടി സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു. അഡ്വ. വി.സി സെബാസ്റ്റ്യൻ സ്വാഗതവും അഡ്വ. ജോസ് വിതയത്തിൽ നന്ദിയും പറഞ്ഞു.

## 07. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം മൂല്യബോധമുള്ള സമൂഹം: മാർ ജോസഫ് പവ്വത്തിൽ

മൂല്യബോധവും ശിക്ഷണബോധവുമുള്ള പ്രബുദ്ധമായ ഒരു സമൂഹത്തെ കെട്ടിപ്പടുക്കുകയെന്നതാകണം വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യമെന്ന് ഇന്റർ ചർച്ച് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ ചെയർമാൻ ആർച്ച് ബിഷപ് മാർ ജോസഫ് പവ്വത്തിൽ. സെന്റ് അലോഷ്യസ് സ്കൂളിൽ ഹയർ സെക്കൻഡറി വിഭാഗം ആരംഭിച്ചതിന്റെ ദശവത്സര ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. വിദ്യാഭ്യാസത്തിലൂടെ ആർജിക്കുന്ന അറിവ് ഉപയോഗിക്കുന്നതിനുള്ള മാനദണ്ഡം മൂല്യബോധമാകണം. അധ്യാപനം ഒരു ആത്മീയ സമരമാണ്. തങ്ങളുടെ സ്ഥാപനത്തിന്റെ യശസ് ഉയർത്തേണ്ട കർത്തവ്യം ഇന്നത്തെ വിദ്യാർഥികളിൽ നിക്ഷിപ്തമാണെന്നും മാർ പവ്വത്തിൽ ചൂണ്ടിക്കാട്ടി. ഫൊറോനാ വികാരി റവ. ഡോ. മാണി പുതിയിടം അധ്യക്ഷത വഹിച്ചു. മുസ്‌ലിം ജമാ അത്ത് ഇമാം സഫാദ് മൗലവി, ജില്ലാ പഞ്ചായത്ത് അംഗം അഡ്വ. റോയിസ് ചിറയിൽ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജയിംസ് കുര്യൻ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ സാബു മാത്യു, മോളി ലൂയിസ്, പഞ്ചായത്ത് പ്രസിഡന്റ് ജെ. ജോസഫ്, പഞ്ചായത്തംഗം പി.ജി കൃഷ്ണൻകുട്ടിനായർ, പ്രിൻസിപ്പൽ ചിന്നമ്മ മാത്യു, ഹെഡ്മാസ്റ്റർ കുരുവിള ജേക്കബ്, പിടിഎ പ്രസിഡന്റ് ഫ്രാൻസിസ് സാലസ്, പി.വി ജോസഫ്, ഡോ.ജോജി ജോർജ്, ലൂസി എം.ജെ, സിസ്റ്റർ സെലീനാമ്മ തോമസ്, ക്രിസ്റ്റി ജോസഫ് എന്നിവർ പ്രസംഗിച്ചു.